ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ

* 538. [2] ശ്രീ. ടി. ഒ. ബാവ: [illegible] പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഗ്രാമീണ ശുദ്ധജലവിതരണത്തിനായി എത്ര പദ്ധതികളുടെ പണി ആരംഭിച്ചിട്ടുണ്ട്;

(ബി) കിഴക്കമ്പലം, വടവുകോട്, പുത്തൻകുരിശ്, പുത്തൃക്ക, കുന്നത്തുനാട് എന്നീ പഞ്ചായത്തുകളിൽ ശുദ്ധജലവിതരണപദ്ധതി എന്നേക്കു പൂർത്തിയാകും ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 14 (പതിനാലു). ഗ്രൂപ്പ് വാട്ടർസപ്ലൈ സ്കീമിൻ കീഴും, വില്ലേജ് വാട്ടർസപ്ലൈ സ്കീമിൽ എട്ടും.

(ബി) പുത്തൻകുരിശിലേയും, കിഴക്കമ്പലത്തിലേയും പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്. കിഴക്കമ്പലം പദ്ധതിയുടെ പണികൾ ഈ സാമ്പത്തികവർഷത്തിൽ പൂർത്തിയാകും. വടവുകോട്, പുത്തൃക്ക, കുന്നത്തുനാട് എന്നീ സ്ഥലങ്ങളിൽ ജലവിതരണത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

മി. സ്പീക്കർ: ചോദ്യം 21-നു് ഉത്തരം പറയണം. (എ)-യുടെ ഉത്തരം മുമ്പു പറഞ്ഞുകഴിഞ്ഞതാണു്. അതുകൊണ്ടു് ബാക്കിയുള്ളതിനു് ഉത്തരം പറഞ്ഞാൽ മതി.

ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി

* 539. [21] ശ്രീ. കെ. ജി. കുഞ്ഞാകുരുവേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് ഗ്രാമീണ ശുദ്ധജലവിതരണപദ്ധതിക്കു് 1963-64 വർഷത്തിലേക്കു് എത്ര തുക നീക്കിവച്ചിട്ടുണ്ടു്;

(ബി) ഇതിൽ എത്ര സംഖ്യ ചെലവു ചെയ്തു;

(സി) പൊന്നാനിത്താലൂക്കിൽ പുഴിക്കലയിൽ രണ്ടു കൊല്ലം മുമ്പു് നിർമ്മിച്ച ട്യൂബ്‌വെൽ പിന്നീടുപയോഗം മൂലം ഉപയോഗശൂന്യമായിരിക്കുകയാണെന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ട്യൂബ്‌വെല്ലിന്റെ ഒരു ഭാഗമെങ്കിലും മാറി നന്നാക്കണമെന്നു പബ്ലിക് ഹെൽത്തു് എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റിനോടു് അന്നു മുതൽ ആവശ്യപ്പെട്ടിട്ടും ഇന്നുവരെ അതൊന്നും ചെയ്യാത്തതിന്റെ കാരണം എന്താണു്;

(ഈ) അവക്കു് ഈ കാര്യത്തിൽ വേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ ദയവുണ്ടാകുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(ബി) 1963 ഡിസംബർ അവസാനംവരെ 9,57,985 രൂപ ചെലവായി.

(സി) ഈ ട്യൂബുവെല്ലിൽ സ്ഥാപിച്ചിരുന്ന ഹാൻഡു് പമ്പിനു് കുറച്ചു കാലങ്ങൾക്കുശേഷം കേടുസംഭവിച്ചിട്ടുണ്ടു് എന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly